# കേരള സർക്കാർ

## സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - 2024- 25 സാമ്പത്തിക വർഷത്തിൽ കോവിഡ് ധനസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)no.242/2024/WCDD** **Dated,18/07/2024**

എ.എസ് നമ്പർ : AS/WCD/24/35842 കാലാവധി : 31/03/2025

പരാമർശം:-1. സ.ഉ(കൈ) നം. 18/2021/സാനീവ, തീയതി 20/06/2021
2. സ.ഉ(കൈ) നം. 1/2021/WCDD, തീയതി 17/08/2021
3. വനിത ശിശു വികസന ഡയറക്ടറുടെ 09/04/2024-ലെ DWCD/1683/2024–ICPS 7 നമ്പർ കത്ത്
4. 26/06/2024-ാം തീയതിയിലെ ഒന്നാം ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

## ഉത്തരവ്

സംസ്ഥാനത്ത് കോവിഡ് മഹാമാരി മൂലം മാതാപിതാക്കളെ/രക്ഷിതാക്കളെ നഷ്ടപ്പെടുകയും കുട്ടികൾ അനാഥരാവുകയും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കും പരാമർശം (1),(2) പ്രകാരം ധനസഹായത്തിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം കുട്ടികൾക്ക് ഒറ്റത്തവണയായി 3 ലക്ഷം ഫിക്സഡ് ഡെപ്പോസിറ്റായി 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിൽ അനുവദിക്കുന്നതിനോടൊപ്പം പ്രതിമാസമായി 2000/- രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നത് വരെയും അനുവദിക്കുന്നു. കൂടാതെ ടി കുട്ടികളുടെ ബിരുദ തലം വരെയുള്ള പഠനച്ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ഈ പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിന് ആവശ്യമായ 48,72,000 /- രൂപ (നാല്പത്തി എട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) കോവിഡ് 19 മഹാമാരി മൂലം അനാഥരായ കുട്ടികൾക്ക് ധനസഹായം പുതിയ പദ്ധതി 2235–02–102–21(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

AS/WCD/24/35842

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | കോവിഡ് ധനസഹായ പദ്ധതി | 48,72,000 |
| ആകെ (നാല്പത്തി എട്ട് ലക്ഷത്തിഎഴുപത്തി രണ്ടായിരം രൂപ) | | **48,72,000** |

സാമ്പത്തിക വിശകലനം

1. ഒറ്റത്തവണ ധനസഹായം

ആകെ കുട്ടികൾ : 8 (പ്രതീക്ഷിക്കുന്നത്)

ആവശ്യമായ തുക : 3,00,000* 8 = 24,00,000/-

2. പ്രതിമാസ ധനസഹായം

നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന കുട്ടികൾക്ക് : 95*12*2000 = 22,80,000/-

പുതുതായി അനുവദിക്കുന്ന കുട്ടികൾക്കുള്ള പ്രതിമാസ ധനസഹായം : 8*12*2000 = 1,92,000/-

ആകെ ആവശ്യമായ തുക : 48,72,000/-

2) 26/06/2024-ൽ ചേർന്ന ഒന്നാം ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രപ്പോസൽ പരിശോധിച്ച് പരാമർശം (4) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട് (ഇനം 23). പ്രസ്തുത സാഹചര്യത്തിൽ, 2024-25 സാമ്പത്തിക വർഷം കോവിഡ് ധനസഹായ പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിന് ആവശ്യമായ 48,72,000 /- രൂപ (നാല്പത്തി എട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) കോവിഡ് 19 മഹാമാരി മൂലം അനാഥരായ കുട്ടികൾക്ക് ധനസഹായം പുതിയ പദ്ധതി 2235–02–102–21(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ റ്റി. കെ

അഡീഷണൽ സെക്രട്ടറി

Women and Child Development

AS/WCD/24/35842

To

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്

അക്കൌണ്ടന്റ് ജനറൽ(ജി & എസ്.എസ്. എ/എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വനിത ശിശു വികസന (എ) വകുപ്പ്

വെബ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.19 05:46:38 +05:30

AS/WCD/24/35842